"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ്-19 പ്രതിരോധ ആശ്വാസനടപടികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ നടത്തുന്ന കമ്മ്യൂണിറ്റി കിച്ചനുകളിൽ നിയോഗിക്കുന്ന പാചക ജോലിക്കാർക്ക് ഹോണറേറിയം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

G.O.(Rt) No.765/2020/LSGD തീയതി, തിരുവനന്തപുരം, 20/04/2020

പരാമർശം:- 1 26/03/2020-ലെ സ.ഉ.(സാധാ.) നം.713/2020/ത.സ്വ.ഭ.വ.

2 03/04/2020-ലെ സ.ഉ.(സാധാ.) നം.733/2020/ത.സ്വ.ഭ.വ.

3 പഞ്ചായത്ത് ഡയറക്ടറുടെ 13/04/2020 ജെ.3-5524/2020 നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സൂചന 1, 2 പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന കമ്മ്യൂണിറ്റി കിച്ചനുകളിൽ പാചകത്തിന് സന്നദ്ധപ്രവർത്തകരെ കണ്ടെത്താൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യമുണ്ടായാൽ ഉച്ച ഭക്ഷണം മാത്രം തയ്യാറാക്കുന്നതിന് 400/- രൂപ നിരക്കിലും ഒരു ദിവസത്തേക്കുള്ള ഭക്ഷണം തയ്യാറാക്കുന്നതിന് 650/- രൂപ നിരക്കിലും ഹോണറേറിയം നൽകി കുടുംബശ്രീ മുഖേന പാചക ജോലിക്കാരെ നിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

Scanned by CamScanner